പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 277      21.06.2013 – ൽ മറുപടിയ്ക്ക്

## സ്നേഹസ്പർശം പദ്ധതി

ചോദ്യം      ഉത്തരം

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
,, വി.പി. സജീന്ദ്രൻ
,, കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്നേഹസ്പർശം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (എ) | കേരളത്തിലുള്ള ചൂഷണത്തിനു വിധേയരായ അവിവാഹിത അവസ്ഥയിൽ അമ്മമാരായവരെ അഗതികളായി കണക്കാക്കി അവരുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിമാസ ധനസഹായം അനുവദിക്കുന്നതാണ് സ്നേഹസ്പർശം പദ്ധതി. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ സാമൂഹ്യ നീതി വകുപ്പിന്റെ സഹകരണത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കുന്നു. |
| (സി) | അവിവാഹിതരായ അമ്മമാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന ലഭിക്കുന്നത് ; | (സി) | ചൂഷണത്തിനു വിധേയരായ അവിവാഹിതരായ അമ്മമാർക്ക് സ്നേഹസ്പർശം പദ്ധതി പ്രകാരം പ്രതിമാസം 1000/- രൂപ അനുവദിക്കുന്നു. |
| (ഡി) | പദ്ധതിക്കായി തുക ചിലവഴിക്കുന്നതിൽ മുൻ സർക്കാരിനെക്കാളും എന്തെല്ലാം പുരോഗതി ഈ സർക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ? | (ഡി) | ആദിവാസി വിഭാഗത്തിൽപ്പെട്ട അവിവാഹിത അമ്മമാരായ 315 ഗുണഭോക്താക്കൾക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചൂഷണത്തിനു വിധേയരായ എല്ലാ അഗതികളായ അവിവാഹിത അമ്മമാർക്കും പ്രതിമാസം 1000/- രൂപ ധനസഹായം അനുവദിക്കുന്നു. ഇപ്പോൾ 856 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നുണ്ട്. |

R. Vijayakumar

സെക്ഷൻ ഓഫീസർ